# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1914 15.07.2016 -ൽ മറുപടിയ്ക്ക്**

**അണക്കെട്ടുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തുള്ള അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | ഡാം സേഫ്റ്റി റിവ്യൂ പാനൽ,ഡാം സേഫ്റ്റി ഓർഗനൈസേഷൻ,കേരള ഡാം സേഫ്റ്റി അതോറിറ്റി എന്നിവ ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ OS No3/2006 ലെ വിധി പ്രകാരം കേരള ഡാം സേഫ്റ്റി അതോറിറ്റിയെ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച നടപടികൾ കൈകൊള്ളുന്നതിൽ നിന്നും വിലക്കിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ ഇതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | DRIP -ന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ കീഴിലുള്ള 16 ഡാമുകളിൽ ഡാം സേഫ്റ്റി റിവ്യൂപാനൽ പരിശോധന നടത്തിയിട്ടുണ്ട്. മലമ്പുഴ, ചിമ്മിനി, കാഞ്ഞിരപ്പുഴ, ചുള്ളിയാർ, മീൻകര, പോത്തുണ്ടി, മംഗലം, വാഴാനി, കുറ്റിയാടി, പഴശ്ശി ബാരേജ്, മൂലത്തറ റഗുലേറ്റർ, കല്ലട, ശിരുവാണി എന്നീ അണക്കെട്ടുകളിൽ പാനൽ പരിശോധന നടത്തുകയും പുനരുദ്ധാരണത്തിന വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിന കീഴിലുള്ള അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഡാമുകളുടെ പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കാനും അറ്റകുറ്റപ്പണികൾ നടത്തുവാനുമുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ കേരള ഡാം സേഫ്റ്റി അതോറിറ്റിയും അണക്കെ ട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

| | |
|---|---|
| സി) പരിശോധനാ സമിതിയിലെ വിദഗ്ധരെ നിയമിക്കുന്ന ഘടന എപ്രകാരമാണെന്ന് വിശദമാക്കുമോ; | (സി) സ.ഉ.(സാധാ) നം.867/2012/ജവിവ തീയതി 19.07.12, സ.ഉ. (സാധാ) നം.749/13/ജവിവ തീയതി 02.07.2013 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ഡാം സേഫ്റ്റി റിവ്യൂ പാനലിലെ അംഗങ്ങളെ നിയമിച്ചിരിക്കുന്നത്. ഡാം സേഫ്റ്റി റിവ്യൂ പാനലിന്റെ ചെയർമാൻ, സി.ഡബ്ല്യൂ.സി. യുടെ മുൻ ചെയർമാനായ ശ്രീ ആർ. സി. ഝാ ആണ്. ബി. എം. ഉപാദ്ധ്യായ (റിട്ട. ചീഫ് എഞ്ചീനീയർ, ഡാം സേഫ്റ്റി, സി.ഡബ്ല്യൂ. സി), ശ്രീ ടി. പി. സിംഗ് (ചീഫ് എഞ്ചിനീയർ റിട്ട., ഡിസൈൻസ്, സി.ഡബ്ല്യൂ.സി), ശ്രീ എസ്. ആർ. ടോളി (റിട്ട. ചീഫ് എഞ്ചിനീയർ, സി. ഡബ്ല്യൂ.സി), ഡോ. എ. കോമളവല്ലി അമ്മ (ചീഫ് എഞ്ചിനീയർ, റിട്ട.), ശ്രീ രാജഗോപാലൻ (റിട്ട. ഡയറക്ടർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ എം. കെ. പരമേശ്വരൻ നായർ (മെമ്പർ, റിട്ട. സിവിൽ കെ. എസ്. ഇ. ബി.) എന്നിവർ ഡാം സേഫ്റ്റി റിവ്യൂ പാനലിന്റെ അംഗങ്ങളാണ്.<br><br>സ.ഉ.(സാധാ) നം.503/2012/ജവിവ തീയതി 24.04.12 പ്രകാരമാണ് ഡാം സേഫ്റ്റി ഓർഗനൈസേഷനിലെ അംഗങ്ങളെ നിയമിച്ചിരിക്കുന്നത്. ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ ചെയർമാൻ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറാണ്. ചീഫ് എഞ്ചിനീയർ (പ്രോജക്ട് - 1), ചീഫ് എഞ്ചിനീയർ (പ്രോജക്ട് - 2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഡയറക്ടർ, ഐ.ഡി.ആർ.ബി. എന്നിവർ മെമ്പർമാരായ ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ കൺവീനർ ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി ഐ.ഡി.ആർ.ബി. ആണ്.<br><br>കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരമാണ് കേരള ഡാം സേഫ്റ്റി അതോറിറ്റിയിലെ അംഗങ്ങളെ നിയമിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയും മെമ്പർ സെക്രട്ടറിയായി ഐഡിആർബി ചീഫ് എഞ്ചിനീയറും, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഡയറക്ടർ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ ജലസേചന വകുപ്പ്, ചീഫ് |

എഞ്ചിനീയർ, സിവിൽ ഡാം സേഫ്റ്റി, KSEB എന്നിവർ എക്സ് ഒഫീഷ്യോ മെമ്പർമാരും; ജലസംരക്ഷണവും അണക്കെട്ടുകളുമെന്ന മേഖലയിലെ രണ്ട് വിദഗ്ദ്ധർ, ചീഫ് എഞ്ചിനീയർ (CWC), ഒരു വിദഗ്ദ്ധ ജിയോളജിസ്റ്റ് എന്നിവർ മെമ്പർമാരുമാണ്.

ഡി)ഇത്തരം സുരക്ഷാ പരിശോധനയിൽ കേരളത്തിലെ ഏതെങ്കിലും അണക്കെട്ടുകൾക്ക് സുരക്ഷാ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) അണക്കെട്ടുകൾക്ക് ഗുരുതരമായ സുരക്ഷാ പ്രശ്നം കണ്ടെത്തിയിട്ടില്ല.

ഇ) നിലവിലുള്ള സുരക്ഷാ പരിശോധന വിഭാഗത്തിന് പുറമെ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായവരെക്കൊണ്ട് പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(ഇ) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് കേരളം ഉന്നയിച്ച ആശങ്കകൾ സുപ്രീം കോടതിയിൽ സ്വീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കൂടുതൽ പരിശോധന വേണ്ടതുണ്ടോ എന്ന സംഗതി പരിഗണിക്കുന്നതാണ്.

എഫ്) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോക ബാങ്കോ മറ്റ് ഏതെങ്കിലും ഏജൻസികളോ പണം അനുവദിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

(എഫ്) സംസ്ഥാന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് (DRIP) ലോകബാങ്ക് വായ്പ ലഭ്യമായിട്ടുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റെഗുലേറ്ററുകൾ ഉൾപ്പെടെ 16 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഡാമുകളുടേയും അനുബന്ധ ഭാഗങ്ങളുടേയും കാര്യക്ഷമത പരമാവധി സുരക്ഷിതമായി പുനസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും ഈ പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. DRIP പദ്ധതിക്കായി ജലസേചന വകുപ്പിന് 16 ഡാമുകൾക്കും ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിനുമായി 360 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ